"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - PM-YASASVI Prematric Scholarship for OBC, EBC & DNT Students - 2024-25 വർഷത്തെ കേന്ദ്രസർക്കാർ വിഹിതം SNA അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിനിയോഗിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന(എ) വകുപ്പ്

സ.ഉ.(സാധാ) നം.3/2025/BCDD തീയതി,തിരുവനന്തപുരം, 07-01-2025

---

പരാമർശം:-
1) 26.03.2022-ലെ സ.ഉ (പി) നം.38/2022/ധന ഉത്തരവ്.
2) കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ 15.10.2024 ലെ BC-11013/3/2023-BC-I (File No.69872) നമ്പർ കത്ത്.
3) ധനകാര്യ വകുപ്പിന്റെ 19.11.2024-ലെ 64/2024/Fin സർക്കുലർ.
4) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 24.12.2024-ലെ BCDIR/421/2023-A3 നം. കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഒ.ബി.സി / ഇ.ബി.സി വിഭാഗങ്ങളിലെ 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പാക്കി വരുന്ന PM YASASVI - Prematric Scholarship for OBC, EBC & DNT Students എന്ന പദ്ധതിക്ക് 2024-2025 വർഷം 7,58,00,000/-രൂപ (ഏഴ് കോടി അമ്പത്തിയെട്ട് ലക്ഷം രൂപ മാത്രം) പരാമർശം (3) പ്രകാരം കേന്ദ്രവിഹിതമായി (60%) റിലീസ് ചെയ്ത് ലഭിച്ചിട്ടുണ്ട്. കേന്ദ്രവിഹിതമായി ലഭിച്ച ടി തുകയും, ആനുപാതികമായ 40% സംസ്ഥാന വിഹിതമായ 505,00,000/- രൂപയും (അഞ്ച് കോടി അഞ്ച് ലക്ഷം രൂപ മാത്രം) നടപ്പ് വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കുന്നതിനും, ടി തുക SNA അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിനുമുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (4) പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-2025 വർഷം PM YASASVI (Prematric Scholarship for OBC, EBC & DNT Students) എന്ന പദ്ധതി പ്രകാരം കേന്ദ്രസർക്കാർ വിഹിതമായി 2225-03-27785-1-12 Plan ശീർഷകത്തിൽ ലഭിച്ചിട്ടുള്ള 7,58,00,000/-രൂപ (ഏഴ് കോടി അൻപത്തിയെട്ട് ലക്ഷം രൂപ മാത്രം) പരാമർശം (1) ഉത്തരവിലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന വ്യവസ്ഥയോടെ, ബന്ധപ്പെട്ട SNA അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിനിയോഗിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LATHA S

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

സബ്ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ,വിവരപൊതുജനസമ്പർക്കവകുപ്പ്.

കരുതൽ ഫയൽ/ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
Date: 07-01-2025 14:19:17

സെക്ഷൻ ഓഫീസർ